# മുഖവുര

നാം ഒരുമിച്ചു പഠിക്കുമ്പോൾ, നസ്രേത്തുകാരനായ യേശു ദൈവപുത്രനും പുത്രനായ ദൈവവുമാണെന്നു കാണാം. അതു മുൻ നിശ്ചയിച്ചു ഉറപ്പിച്ചതുപോലെ തോന്നാം, എന്നാൽ ഭൂമിയിലെ കോടിക്കണക്കിനു ആളുകളിൽ അനവധി ആളുകൾ യേശു ദൈവമാണെന്നു സ്വീകരിച്ചിട്ടില്ല എന്നതു നമ്മെ അമ്പരപ്പിക്കും. താഴെ കൊടുത്തിരിക്കുന്ന മതപരമായ കണക്കുകൾ ശ്രദ്ധിക്കുക:[1]

| | | |
|---|---|---|
| ക്രിസ്തുവിൽ വിശ്വസിക്കുന്ന മതങ്ങൾ | 32.92% | 2.07 ശതകോടി |
| ക്രിസ്തുവിൽ വിശ്വസിക്കാത്ത മതങ്ങൾ | 52.25% | 3.28 ശതകോടി |
| അവിശ്വാസികളും മതം ഇല്ലാത്തവരും | 14.84% | 0.93 ശതകോടി |
| മൊത്ത ജനസംഖ്യ | | 6.28 ശതകോടി |

യേശു ദൈവമാണെന്ന കർക്കശ ചിന്തയിലേക്ക് നമ്മെ നയിക്കുന്നതാണ് ഈ കണക്കുകൾ. ഏതാനും പ്രസക്തമായ ചോദ്യങ്ങളും ഉയർത്തുന്നുണ്ട്: എന്തുകൊണ്ട് ശതകോടിക്കണക്കിനു ആളുകൾക്കു യേശുവിന്റെ കഥ അറിഞ്ഞുകൂടാ? എന്തുകൊണ്ട് അവർ അവനെകുറിച്ചു കേട്ടില്ല? തീർച്ചയായും, ഇവക്കെല്ലാമുള്ള പ്രധാന ഉത്തരം സാർവ്വ ദേശിയ സുവിശേഷീകരണത്തിന്റേയും മിഷ്ണറി പ്രവർത്തനത്തിന്റേയും അഭാവമാണെന്നുള്ളതു തന്നെ.

ഈ പഠനത്തിൽ നമ്മെ വിഷമസന്ധിയിലാക്കുന്ന വെല്ലുവിളിയാണ് അടുത്ത രണ്ടു ചോദ്യങ്ങൾ. (1) എന്തുകൊണ്ട് യേശുവിനെ കേട്ട അനേകർ യേശുവിൽ വിശ്വസിക്കുന്നില്ല? (2) എന്തുകൊണ്ട് അവനെ ദൈവപുത്രനായ ദൈവം എന്നു വിശ്വസിക്കുന്നില്ല?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഓരോ വ്യക്തിക്കും വ്യത്യസ്തമായ ഉത്തരങ്ങളാണ് ലഭിക്കുക. ചിലർ അസാമാന്യമായ വഴിയിലേക്കും, വേറെ ചിലർ അതിനു മുകളിലേക്കും പോയി വെളിപ്പെടുന്നത് കുഴപ്പം പിടിച്ച പരിഭ്രാന്തി ആയിരിക്കും. യേശുവിനെ കുറിച്ചുള്ള ഈ തെറ്റിദ്ധാരണ തെറ്റായ അനവസരത്തിലുള്ള ഉപദേശങ്ങൾകാരണമാണ്. ജിംജോൺസിന്റേതു പോലുള്ള[2] മത വിശ്വാസങ്ങൾ യേശുക്രിസ്തുവിനെ കുറിച്ചുള്ള സത്യത്തിൽ പലയാളുകൾക്കും സംശയം ഉണർത്തി, അല്ലെങ്കിൽ അവർക്കു ആരാണ് യേശു എന്നും അവന്റെ ഉപദേശങ്ങളിൽ എന്താണ് ഉൾപ്പെട്ടിരിക്കുന്നത് എന്നതിനോടും വ്യക്തമായി പ്രതികരിക്കുമായിരുന്നു.

അവന്റെ പ്രത്യേകതകൾ നമുക്കു വിശദീകരിച്ചു കൊടുപ്പാൻ കഴിയാത്തതുകൊണ്ടാകാം അനേകം പേർ യേശുവിനെ

വിശ്വസിക്കാതിരിക്കയോ അല്ലെങ്കിൽ സ്വീകരിക്കാതിരിക്കയോ ചെയ്യുന്നത്. നമുക്കു യേശുവിൽ വിശ്വാസം ഉണ്ടായിരുന്നേക്കാം. നാം മറ്റുള്ളവരെ യേശുവിനെ കുറിച്ചു ബോധ്യപ്പെടുത്താൻ നാം ശ്രമിക്കുന്നുമുണ്ടാകാം. എങ്ങനെയായാലും, യേശുവിനെകുറിച്ചുള്ള നമ്മുടെ ആശയം മഞ്ഞുമൂടിയതോ അല്ലെങ്കിൽ പൊള്ളയായതോ ആകാം. അവനെകുറിച്ചുള്ള ചില ചോദ്യങ്ങൾ നമ്മെ കുഴക്കിയേക്കാം. നമുക്കു യേശുവിലുള്ള വിശ്വാസം, പ്രത്യേകിച്ചു അതു ‘‘പുത്രനല്ലാത്തതു’’ ആകുമ്പോൾ സംശയാലുക്കളുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കുവാൻ ആഴമായ ജ്ഞാനം കാണുകയില്ല. അതു നമ്മുടെ വിശ്വാസത്തെ തള്ളിപ്പറയുന്നതായിട്ടല്ല. യേശുവിനെ കുറിച്ചുള്ള ഒരാളുടെ ചോദ്യങ്ങൾക്കു മറുപടി പറയാൻ വേണ്ട വിഭവങ്ങളോ വിശ്വാസത്തിലുള്ള പരിചയമോ ഇല്ല എന്നർത്ഥം.

ഇതു പരിഗണിക്കുക: നിങ്ങൾ അടുത്ത ഞായറാഴ്ച്ച നിങ്ങളുടെ സ്നേഹിതനെ ആരാധിക്കുവാൻ ക്ഷണിച്ചു. എന്നാൽ നിങ്ങളുടെ സ്നേഹിതൻ ഇങ്ങനെ പറയുന്നു എന്നു വിചാരിക്കുക, “കുറച്ചു മുൻപു, ഞാൻ ദൈവത്തിലേക്കു തിരിഞ്ഞു അവനെ ആരാധിക്കണമെന്നു വിചാരിച്ചു. പക്ഷെ, ക്രിസ്ത്യാനികളായ നിങ്ങൾക്കു മൂന്നു ദൈവങ്ങൾ ഉള്ള വിശ്വാസം സ്വീകരിക്കുവാൻ കഴിയുകയില്ല.” ഇതിനു നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? നിങ്ങൾ എന്തു മറുപടി നല്കും? നിങ്ങൾ പറയുന്നതു എങ്ങനെ പരിശോധിക്കും?

ഇതു നിങ്ങൾക്കു പ്രശ്നമാണെങ്കിൽ, നിങ്ങൾക്കുമാത്രമല്ല എന്നോർക്കുക. വാസ്തവത്തിൽ, ആദ്യസഭയും യെഹൂദന്മാരോടും അന്യദേവന്മാരെയും വിഗ്രഹങ്ങളെയും ദൈവത്തോടെ എങ്ങനെ പരിശോധിക്കും.

ദൈവത്തെ സംബന്ധിച്ച ആശയമാണ് അന്തിമമായി നമ്മുടെ മതത്തെ നിർണ്ണയിക്കുന്നതു എന്നതിനാൽ, നമ്മുടെ ഇപ്പോഴത്തെ ദൈവത്തെ സംബന്ധിച്ച പഠനത്തിൽ ആത്മാർത്ഥതയോടെ ചേരുവാൻ അപേക്ഷിക്കുകയാണ്. ക്രിസ്ത്യാനിത്തിൽ ഏക ദൈവത്തിൽ ആണ് പിതാവായ ദൈവവും പുത്രനായ ദൈവവും എന്നു ബോധ്യപ്പെടുത്തി കൊടുക്കേണ്ടതാണെന്ന് ആദ്യ സഭ തിരിച്ചറിഞ്ഞിരുന്നു. അവർ അതു ചെയ്തില്ലെങ്കിൽ, ക്രിസ്ത്യാനിത്വം അതിന്റെ ശക്തിയും, പ്രത്യേകതയും, വിശ്വസനീയതയും നഷ്ടമാക്കും.

---

കുറിപ്പുകൾ

[1]*ദ വേൾഡ് അൽമനാക് ആന്റ് ബുക്ക് ഓഫ് ഫാക്ട്സ്*, 2005 (ന്യുയോർക്ക്: വേൾഡ് ആൽമസാറ്റ് ബുക്ക്സ്, 2005), 734. [2]ജിംജോൺസൺ തന്റെ മനസിലുള്ളവരെ ആ മതത്തിന്റെ ആത്മഹത്യ ചെയ്യുവാൻ പ്രേരിപ്പിച്ചു.

© 2009 Truth for Today